പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 541

27.9.2011 ൽ മറുപടിയ്ക്ക്

## പുറക്കാട് ഐ.ടി. പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ ; | ശ്രീ. പി.കെ. കുഞ്ഞാലികുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും മന്ത്രി) |
| എ) പുറക്കാട് ഐ.ടി. പാർക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 21 ലെ 247, 252, 253, 259, 260 എന്നീ സർവ്വേ നമ്പരിൽപ്പെട്ട 50.4295 ഏക്കറിൽ മാറ്റി സ്ഥാപിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ; | (എ), (ബി) ആന്റ് (സി) അമ്പലപ്പുഴയിലെ പുറക്കാട് വില്ലേജിലെ ഗാന്ധിസ്മൃതി വനത്തിൽപ്പെടുന്ന സ്ഥലത്ത് തുടങ്ങാനുദ്ദേശിച്ചിരുന്ന ഐ.ടി. പാർക്ക് ബയോഡൈവേഴ്സിറ്റി ബോർഡ് ചെയർമാന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറക്കാട് വില്ലേജിലെ ബ്ലോക്ക് നം.21 ലെ 247, 252, 253, 259, 260 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സ്ഥലമെടുക്കുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചറൽ ലിമിറ്റഡിനെ (KSITIL) ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർത്തിയായാലുടൻ ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിനുള്ള മറ്റു നടപടികൾ കൈക്കൊള്ളുന്നതാണ്. |
| ബി) ഐ.ടി. പാർക്ക് തുടങ്ങുന്നതിന് ഇനിയും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ; | |
| സി) മുൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത സ്ഥലത്തുതന്നെ ഐ.ടി. പാർക്ക് നിർമ്മിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ